(ഡി) പി.എസ്.സി.യിൽ നിന്ന് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കണമെന്ന ആവശ്യം

77(788) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വകുപ്പുതലവന്മാരുടെ ആഫീസ്സുകളിലെ ജോലി സമയം കൂടുതലും ഉദ്യോഗസ്ഥൻമാരുടെ പ്രശ്നങ്ങൾ മാത്രം കൈകാര്യംചെയ്യുന്നതിനായി നീക്കിവെക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.പി.സി., പ്രൊബേഷൻ, പ്രമോഷൻ ഇവ യഥാസമയം വേണ്ട രീതിയിൽ കൈകാര്യം ചെയ്യാത്തതുമൂലം ആണ് ഇത്രമാത്രം വർക്ക് ലോഡ് ഉയർന്ന ഓഫീസുകളിൽ ഉണ്ടാകുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കുന്നതിനും യഥാസമയം ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നതിനും എന്തെങ്കിലും പുതിയ സ്കീം സർക്കാർ തയ്യാറാക്കുകയുണ്ടായോ;

(ഡി) വിശദാംശം വ്യക്തമാക്കുമോ?

(ഇ) ഈ പ്രശ്നം സംബന്ധിച്ച് ഭരണ പരിഷ്ക്കാരകമ്മീഷൻ ശുപാർശകൾ എന്തൊക്കെയാണ്;

(എഫ്) ഇതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)-(ഡി) വകുപ്പ് തലവന്മാരുടെ ഓഫീസുകളിൽ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പ്രത്യേകം സെക്ഷനുകളും ഇവയിൽ ആവശ്യമായ ഉദ്യോഗസ്ഥരും ഉണ്ട്. അതുകൊണ്ട് വകുപ്പ് തലവന്മാർക്ക് കൂടുതൽ ജോലിസമയം ജീവനക്കാരുടെ പ്രശ്നങ്ങൾ മാത്രം കൈകാര്യം ചെയ്യുവാൻ നീക്കിവയ്ക്കേണ്ടിവരുന്ന സാഹചര്യം നിലവിലില്ല. എല്ലാ വകുപ്പുകളിലും ഡി.പി.സി. അടിയന്തിരമായി ചേരുന്നതിനും താല്ക്കാലിക പ്രമോഷനുകൾ റഗുലറൈസ് ചെയ്യുന്നതിനും സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാത്ത വകുപ്പുകളിൽ അവയ്ക്ക് രൂപം നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ജീവനക്കാരുടെ പ്രൊബേഷൻ, പ്രമോഷൻ എന്നിവ സംബന്ധിച്ചുള്ള കേസുകളിൽ കാലതാമസം കൂടാതെ അന്തിമ തീരുമാനം എടുക്കാനും കഴിയുന്നുണ്ട്. കൂടാതെ അധികാരവികേന്ദ്രീകരണവും തുടർന്നുള്ള ജീവനക്കാരുടെ പുനർവിന്യാസവും വകുപ്പ്മേധാവികളുടെ ജോലിഭാരം കുറയ്ക്കുവാൻ സഹായിച്ചിട്ടുണ്ട്.

(ഇ)&(എഫ്) ഭരണപരിഷ്ക്കാര കമ്മീഷൻ ഇത് സംബന്ധിച്ച് പ്രത്യേക ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly